**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **23-02-2026 - ൽ മറുപടിയ്ക്ക്**

**പദ്ധതി ചെലവിന്റെ നിലവിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പദ്ധതി അടങ്കലിൽ സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; പദ്ധതി ചെലവിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (എ) | 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പദ്ധതി അടങ്കലിൽ സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. 2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന വിഹിതം 41653.71 കോടി രൂപയും അക്കൗണ്ടന്റ് ജനറലിന്റെ ഡിസംബർ 2025 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം ഈയിനത്തിൽ ചെലവഴിക്കപ്പെട്ട തുക 28459.14 കോടി രൂപയും ആണ്. 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ മുൻ വർഷത്തേക്കാൾ 7% വർദ്ധനവ് വരുത്തിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് ലഭ്യമാക്കിയ ട്രഷറി കണക്കുകൾ പ്രകാരം 18.02.2026 വരെ സംസ്ഥാന പദ്ധതിയിൽ 74.81 ശതമാനം ചെലവ് വന്നിട്ടുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും പദ്ധതി ചെലവിൽ പ്രതീക്ഷിച്ച പുരോഗതിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ; | (ബി) | നോട്ട് നിരോധനം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ് മഹാമാരി, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്ത് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത് അടക്കമുള്ള കേന്ദ്ര നടപടികൾ കാരണം ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെയാണ് ജി.എസ്.ടി നിരക്കുകളുടെ ഏകീകരണം നടപ്പിലാക്കിയത്. ഇത് മൂലം സംസ്ഥാനത്തിന് പ്രതിവർഷം 8000 മുതൽ 9000 കോടി രൂപ വരെ റവന്യൂ നഷ്ടം ഉണ്ടാകുമെന്നാണ് GIFT – ന്റെ ഒരു |

| | | | |
|---|---|---|---|
| | | | പഠന റിപ്പോർട്ട് പ്രകാരം പ്രതീക്ഷിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സംസ്ഥാനതലത്തിൽ 19.11.2025 മുതൽ 13.12.2025 വരെ മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ, ആയതിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ പദ്ധതി ചെലവുകൾ നടത്തുവാൻ സാധിക്കുമായിരുന്നുള്ളൂ. ഇത്തരം സാഹചര്യങ്ങൾ സൃഷ്ടിച്ച പണഞെരുക്കത്തിന്റെ ഇടയിലും നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനും പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുവാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ നടപ്പ് വർഷത്തെ സംസ്ഥാന പദ്ധതിച്ചെലവ് 18.02.2026 ലെ ട്രഷറി കണക്കുകൾ പ്രകാരം 74.81 ശതമാനം ആയിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മുൻ വർഷത്തേതിന് സമാനമായി സംസ്ഥാന പദ്ധതി ചെലവുകൾ ഉയരും എന്നാണ് കണക്കാക്കുന്നത്. |
| (സി) | പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സർക്കാർ നടപടികളുടെ ഫലമായി സംസ്ഥാനത്തിന്റെ വിഭവ ശേഖരണത്തിലുണ്ടായിട്ടുള്ള വൻ ഇടിവ് അടക്കമുള്ള പ്രതികൂല സാഹചര്യത്തിലും പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പര്യാപ്തമായ ക്രിയാത്മക നടപടികളാണ് സർക്കാർ കൈക്കൊണ്ടു പോരുന്നത്. വികസന / പദ്ധതി പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേർന്ന് വരുന്നു. പ്രവൃത്തികൾക്കാവശ്യമായ ഭരണ / ധന അനുമതികൾ താമസം കൂടാതെ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി പദ്ധതികൾക്ക് അംഗീകാരം നൽകുവാനുള്ള വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പുകളുടെ പരിധി നിലവിലെ 15 കോടിയിൽ നിന്നും 25 കോടിയായി സർക്കാർ ഉത്തരവ് (പി) നം. 124/2025/ ധന തീയതി 07.10.2025 മുഖേന ഉയർത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ SNA SPARSH Platform വഴി നടപ്പിലാക്കുമ്പോൾ |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യത അനുസരിച്ച് ധനവകുപ്പിന്റെ അനുവാദമില്ലാതെ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് തന്നെ പദ്ധതി ചെലവുകൾക്കുള്ള അംഗീകാരം നൽകുവാൻ സർക്കുലർ നം. 2/2025/ ധന തീയതി 10.01.2025 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ സ്പർശ് ബില്ലുകൾ ട്രഷറിയിൽ നിന്നും മാറിയെടുക്കുന്നതിനുള്ള പരിധി 1 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓൺലൈൻ പ്ലാറ്റ്ഫോം ആയ Plan Space വഴി പദ്ധതി ചെലവുകളുടെ കണക്കുകൾ നിരന്തരം അവലോകനം ചെയ്യാനുള്ള സംവിധാനമുണ്ട്.<br><br>പദ്ധതിയ്ക്ക് നിയമസഭ അംഗീകാരം നൽകിയ ശേഷം വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടിയും നിലവിലുള്ള നയഭേദഗതിയിലൂടെയും സംസ്ഥാനത്തിന് അധിക ബാദ്ധ്യത വരുത്തുന്ന കേന്ദ്ര സർക്കാരിന്റെ നടപടികൾ പദ്ധതികൾ മുന്നോട്ട് കൊണ്ട് പോകുന്നതിന് വിഘാതം സൃഷ്ടിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. ടി പ്രതികൂല സാഹചര്യം തനത് വരുമാനം വർദ്ധിപ്പിച്ചും ചെലവുകളിൽ മിതത്വം പാലിച്ചും തരണം ചെയ്യുകയെന്നതാണ് സർക്കാർ അനുവർത്തിച്ചു വരുന്ന സമീപനം. കൂടാതെ ആവർത്തന സ്വഭാവമുള്ള റവന്യൂ ചെലവുകൾ കർശനമായി നിയന്ത്രിക്കുന്നതിനുള്ള വ്യയ നിയന്ത്രണ നടപടികളും പ്രാബല്യത്തിലുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ചു പോരുന്ന പണഞെരുക്കത്തിന്റെ പശ്ചാത്തലത്തിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കുവാൻ സാധിച്ചുവെന്നത് സർക്കാർ സ്വീകരിച്ച നടപടികളുടെ വിജയത്തിന്റെ പ്രതിഫലനം കൂടിയാണ്. നിലവിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ കൂടുതൽ ക്രിയാത്മകമായും ഫലപ്രദമായും മുന്നോട്ടു കൊണ്ട് പോകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ